# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പറവൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2022-2023

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# ജില്ലാ ഓഡിറ്റ് കാര്യാലയം

# എറണാകുളം-682030


## ഇ-മെയിൽ: doekm.ksad@kerala.gov.in

## ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/ഇ.കെ.എം./(ബി.പി)1004/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 07/09/2023
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പറവൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്–പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്–പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/ഇ.കെ.എം./(ബി.പി)1004/2023 തീയ്യതി: 07/09/2023

## എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-06-2023 മുതൽ 30-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും,

സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാംകുട്ടി ടി. എൽ. | ജോയിന്റ് ഡയറക്ടർ | 20-06-2023 | 30-06-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-06-2023 | 30-06-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ധീരജ് ജെ, ഓഡിറ്റ് ഓഫീസർ

ശ്രീമതി നിജ്ജ സി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ബെറ്റ്സി സി.എക്സ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സിംന സന്തോഷ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി പ്രതീക്ഷ.പി.വി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.പ്രീതി ബി. | മെഡിക്കൽ ഓഫീസർ. സി.എച്ച്.സി. ഏഴിക്കര മെഡിക്കൽ ഓഫീസർ, ഏഴിക്കര. | 01-04-2022 | 31-03-2023 |
| ഡോ. സീന | മെഡിക്കൽ ഓഫിസർ,സി.എച്ച്.സി. മൂത്തകുന്നം | 01-04-2022 | 31-03-2023 |
| ശ്രീമതി മിനി ദാമോദരൻ | ശിശുവികസന പദ്ധതി ഓഫിസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ജിഷ.പി.ജി | അസിസ്റ്റന്റ് കൃഷി ഡയറക്ടർ | 01-04-2022 | 11-01-2023 |
| ശ്രീ. ശശി മേനോൻ | അസിസ്റ്റന്റ് കൃഷി ഡയറക്ടർ | 12-01-2023 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ ബോബി മാത്യൂ | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 24-06-2022 |
| ശ്രീമതി സലിത എസ്.വി. | പട്ടികജാതി വികസന ഓഫീസർ(അഡീഷണൽ ചാർജ്) | 25-06-2022 | 03-07-2022 |
| ശ്രീമതി സേതുലക്ഷ്മി കെ. | പട്ടികജാതി വികസന ഓഫീസർ | 04-07-2022 | 31-03-2023 |
| ശ്രീ തരുൺകുമാർ.വി.ആർ | വ്യവസായ വികസന ഓഫീസർ | 01-04-2022 | 25-07-2022 |
| ശ്രീ. സുധീഷ് ബോസ് | വ്യവസായ വികസന ഓഫീസർ (ഇൻ ചാർജ്ജ്) | 26-07-2022 | 12-10-2022 |
| ശ്രീ.ആഷ്വെൽ ജെയിംസ് | വ്യവസായ വികസന ഓഫീസർ | 12-10-2022 | 31-03-2023 |
| ശ്രീ.സുനിൽകുമാർ എം.ബി. | ക്ഷീരവികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി പ്രീതി സി.ഡി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 26-09-2022 |
| ശ്രീമതി മൊനാജിത എ.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 27-09-2022 | 31-03-2023 |
| ശ്രീമതി മഞ്ജു പി. വാസു | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 22-12-2022 |

| | | | |
|---|---|---|---|
| ശ്രീമതി ജാസ്മിൻമോൾ ടി.കെ. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 23-12-2022 | 31-03-2023 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-1-1 |
| 3 | ബജറ്റ് | 1-2 |
| 4 | വാർഷികധനകാര്യപത്രിക | 1-3 |
| 5 | സാമ്പത്തിക വിശകലനം | 1-4 |
| 6 | ഫണ്ട് വിനിയോഗം | 1-5 |
| 7 | പദ്ധതി അവലോകനം | 1-6 |
| 8 | ക്യാഷ് പരിശോധന | 1-7 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 10 | ക്ഷേമ പദ്ധതികൾ | 1-9 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 13 | വാടക- അപാകതകൾ | 1-12 |
| 14 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പിലാക്കിയ പദ്ധതി - അപാകതകൾ | 1-13 |
| 15 | ജില്ല ക്യാൻസർ നിയന്ത്രണ പരിപാടി-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-14 |

| | | |
|---|---|---|
| 16 | ജീവൻരക്ഷാമരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല | 1-15 |
| 17 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-16 |
| 18 | ഒപ്പം പദ്ധതി-ക്വാട്ടേഷൻ നടപടി സ്വീകരിച്ചില്ല | 1-17 |
| 19 | ജീവൻരക്ഷാമരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-18 |
| 20 | പാലിയേറ്റീവ് കെയർ - പഞ്ചായത്തിനുള്ള വിഹിതം - പ്രൊജക്ടിനു വിരുദ്ധമായി തുക ചെലവഴിച്ചു | 1-19 |
| 21 | ഫ്ലോട്ടിംഗ് ജെസിബി വാങ്ങൽ - അപാകത | 1-20 |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ . | 1-21 |
| 23 | വനിതാ ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭം ആരംഭിക്കാൻ ധനസഹായം- പദ്ധതി നിർവ്വഹണത്തിൽ ന്യൂനതകൾ. | 1-22 |
| 24 | ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ മുകളിൽ ഓഫീസ് സൗകര്യം ഏർപ്പെടുത്തൽ – പദ്ധതി നിർവ്വഹണത്തിൽ ന്യൂനതകൾ. | 1-23 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം –1
# പൊതു അവലോകനം

## 1–1 ഓഡിറ്റ് സാക്ഷ്യപത്രം

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27.6.2023 ലെ കമ്മിറ്റി തീരുമാനം 1/1 പ്രകാരം തയ്യാറാക്കി 03.07.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: കാക്കനാട്**

**തീയതി: 04.09.2023** **ജോയിന്റ് ഡയറക്ടർ**

## 1-1-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

2. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിംഗ് സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല.

3. ആസ്തിരജിസ്റ്റർ കാലികമാക്കി വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 സാമ്പത്തികവർഷത്തേക്കുള്ള പുതുക്കിയ ബജറ്റ് 27.03.2023 തീയതിയിലെ 1(5) തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 203459200 | 204022800 |
| ധനകാര്യപത്രിക പ്രകാരം | 65178201 | 60148187 |

ബജറ്റ് പ്രകാരമുള്ള വരവ്-ചെലവും യഥാർത്ഥ വരവ്-ചെലവും തമ്മിൽ വലിയ വ്യത്യാസം കാണുന്നു. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-3 വാർഷികധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2022-23 | 31.07.2023 | 27.05.2023 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5448905 |
| ഓഡിറ്റ് വർഷത്തെ വരവ് | 65178201 |
| ആകെ | 70627106 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 60148187 |
| നീക്കിയിരിപ്പ് | 10478919 |

## 1-5 ഫണ്ട് വിനിയോഗം

| | ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1. | വികസനഫണ്ട് (ജനറൽ)(ACR പ്രകാരം) | 0 | 21156000 | 21156000 | 17943515 | 0 | 3212485 |
| 2. | വികസന ഫണ്ട് (എസ്.സി.പി) (ACR പ്രകാരം) | 0 | 11193000 | 11193000 | 9394580 | 0 | 1798420 |
| 3. | വികസനഫണ്ട് (ടി.എസ്.പി) (ACR പ്രകാരം) | 0 | 299000 | 299000 | 265834 | 0 | 33166 |
| 4. | സംരക്ഷണ ഗ്രാന്റ് (റോഡിതരം) (ACR പ്രകാരം) | 0 | 5806000 | 5806000 | 5668598 | 0 | 137402 |
| 5. | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) (ACR പ്രകാരം) | 1498842 | 5116000 | 6614842 | 2303019 | 4311823 | --- |
| 6. | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) (ACR പ്രകാരം) | 18146 | 3411000 | 3429146 | 3038721 | 390425 | --- |
| 7. | **കേന്ദ്രാവിഷ്കൃതഫണ്ട്**-(ACR പ്രകാരം) | --- | --- | --- | --- | --- | --- |
| 8. | **സംസ്ഥാനാവിഷ്കൃത ഫണ്ട്:-മിശ്രവിവാഹം** | --- | 150000 | 150000 | 150000 | ---- | --- |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 104 | 81372408 | 87 | 50119620 | 13 | 17 | 71% |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.06.2023 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അന്നേ ദിവസം വരവിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ലായെന്നും നീക്കിയിരുപ്പില്ലെന്നും പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | - | 729681 | 729681 | 729681 | - |
| ഗുണഭക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | | | | - |
| ആകെ | | 729681 | 729681 | 729681 | - |

ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് വിവരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ധനകാര്യ പത്രികയിൽ ടി ചെലവ് ഉൾപ്പെടുത്തിയതായി കാണുന്നില്ല.

## 1-9 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-10 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ അഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. ജനറൽ മിനിട്സ്, ധനകാര്യ കമ്മറ്റി മിനുട്സ്, അജണ്ട, ഹാജർ മറ്റ് രേഖകൾ എന്നിവ കൃത്യമായി പരിപാലിക്കുന്നുണ്ട്. യോഗ തീരുമാനങ്ങളും, ചർച്ചയുടെ വിവരങ്ങളും രേഖപ്പെടുത്തുന്നുണ്ട്. സ്റ്റാൻഡിംഗ് കമ്മിറ്റി മിനിട്സുകളും തൃപ്തികരമായ രീതിയിലാണ് കൈകാര്യം ചെയ്യുന്നത്. ഓഡിറ്റുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകളും ഫയലുകളും ശരിയാംവണ്ണം സൂക്ഷിച്ചുവരുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 16.06.22 മുതൽ 27.06.22 വരെ. | 2021-22 | 14.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.03.22 മുതൽ 09.03.22 വരെ | 2017-22 | 20.05.2022 |

## 1-12 വാടക- അപാകതകൾ

പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വനിതാ കാന്റീൻ പ്രതിമാസം 1200/- രൂപാ നിരക്കിൽ 2022-23 വർഷത്തേക്ക് വാടകക്ക് നൽകിയിട്ടുള്ളതായി പരിശോധനയിൽ കാണുന്നു. എന്നാൽ ആയത് സംബന്ധിച്ചുള്ള വാടക രജിസ്റ്റർ, വാടക നിരക്ക്, ഡിമാന്റ്, കളക്ഷൻകുടിശ്ശിക എന്നിവ കൃത്യമായി രേഖപ്പെടുത്തി തയ്യാറാക്കി സൂക്ഷിക്കുകയോ, ഈടാക്കിയിരിക്കുന്ന വാടകതുകയുടെ രസീത് നം. രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, വാടകകരാർ പുതുക്കിയത് ഹാജരാക്കുകയോ ചെയ്തിട്ടില്ല. അതിനാൽ വാടകയിനത്തിലുള്ള വരവിന്റെ കൃത്യത ഉറപ്പ് വരുത്തുവാൻ കഴിഞ്ഞിട്ടില്ല. ഇതിനോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.2 തീയതി 26.06.2023)മറുപടിയായി വനിതാ കാന്റീൻ നടത്തിപ്പിനായുള്ള വാടക കരാർ (01-02-2022 ൽ പുതുക്കിയതിന്റെ പകർപ്പ് ഇ-മെയിൽ മുഖേന ലഭ്യമാക്കിയിട്ടുണ്ട്) പുതുക്കിയിട്ടുണ്ടെന്നും വാടക നിരക്ക്, വാടക പിരിവ്, വാടക കുടിശ്ശിക, ലഭിച്ച വാടക തുകയുടെ രസീത് നമ്പർ, എന്നിവ രേഖപ്പെടുത്തി വാടക രജിസ്റ്റർ കാലികമാക്കിയിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി.

കയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)). വാടക അതാതു മാസം കൃത്യമായും, അതാതു വർഷങ്ങളിൽ നിയമാനുസൃതമായ വർദ്ധനവ് വരുത്തിയും ഈടാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പിലാക്കിയ പദ്ധതി - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 119/22-23 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) |
| പ്രോജക്ടിന്റെ പേര് | ഞങ്ങളും കൃഷിയിലേക്ക് - സുഭിക്ഷകേരളം - പ്രകൃതി സൗഹൃദ പച്ചക്കറി കൃഷി |
| അടങ്കൽ തുക | ₹1,44,177/- (പ്ലാൻ ഫണ്ട് ) |
| ചെലവ് | ₹1,44,177/- |
| ബിൽ നം./തീയതി | 303/22-23 തീ.24.02.23 |

"ഞങ്ങളും കൃഷിയിലേക്ക് - സുഭിക്ഷകേരളം - പ്രകൃതി സൗഹൃദ പച്ചക്കറി കൃഷി" എന്ന പദ്ധതി, ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കോട്ടുവള്ളി, ഏഴിക്കര, ചിറ്റാറ്റുകര, വടക്കേക്കര, ചേന്ദമംഗലം എന്നീ അഞ്ച് ഗ്രാമപഞ്ചായത്തുകളിലെ പച്ചക്കറി കൃഷി ചെയ്യാൻ താൽപര്യമുള്ള ഗ്രൂപ്പുകൾക്ക് സൗജന്യമായി 80000 എണ്ണം പച്ചക്കറി തൈകൾ വിതരണം ചെയ്ത് ഉത്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടു കൂടി ₹1,44,177/-രൂപ ചെലവഴിച്ചാണ് നടപ്പിലാക്കിയത്. പരിശോധനയ്ക്കായി ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭ അംഗീകരിച്ച് തിരഞ്ഞെടുത്തിരിക്കുന്നത് 44 എണ്ണം സ്കൂളുകളെയും 59 എണ്ണം എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിൽ ഗ്രൂപ്പുകളെയുമാണ്. ഗുണഭോക്താക്കൾക്ക് പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നതിനായി എം.കെ.എസ്.പി. പദ്ധതി പ്രകാരമുള്ള ഹരിതം പോളി ഹൗസിൽ (രസീത് നം.047) നിന്നും 13/12/2022-ൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, തൊഴിൽ ഗ്രൂപ്പുകൾക്ക് 50000 എണ്ണം

പച്ചക്കറിതൈകളും (ഒന്നിന് 2.50 രൂപാ വീതം) സ്കൂളുകളിലേക്ക് 7671 എണ്ണം പച്ചക്കറിതൈകളും (ഒന്നിന് 2.50 രൂപാ വീതം) ₹1,44,177/-ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. ഇതിൽ 44 എണ്ണം സ്കൂളുകൾക്കായി 7671 എണ്ണം പച്ചക്കറിതൈകൾ വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റിൽ പരിശോധനയ്ക്കായി ഹാജരാക്കിയത്. ബാക്കിയുള്ള 50000 എണ്ണം (₹125000/-(2.50x50000=125000/-)പച്ചക്കറി തൈകൾ വിതരണം ചെയ്തതിന്റെ യാതൊരുവിധ രേഖകളും ഹാജരാക്കാതിരുന്നതിനോടനുബന്ധിച്ച് നൽകിയ എൻക്വയറിക്കുള്ള (നം.4 തീയതി 27.06.2023) മറുപടി 25.07.2023ൽ ഇ-മെയിൽ മുഖേന ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്തൃലിസ്റ്റിലുൾപ്പെട്ടിരുന്ന, മുകളിൽ സൂചിപ്പിച്ച അഞ്ച് ഗ്രാമപഞ്ചായത്തുകളിലെ, എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിൽ ഗ്രൂപ്പുകളിൽ (59 എണ്ണം) കോട്ടുവള്ളി ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഗ്രൂപ്പുകൾ പച്ചക്കറിതൈകൾ കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രേഖയും മറ്റ് ഗ്രാമപഞ്ചായത്തുകളിലെ പച്ചക്കറിതൈകൾ കൈപ്പറ്റിയ തൊഴിൽ ഗ്രൂപ്പുകളുടെ ലിസ്റ്റുമാണ് ഇ-മെയിൽ മുഖേന ലഭ്യമാക്കിയിട്ടുള്ളത്. കൂടാതെ പ്രോജക്ടിന്റെ ഉദ്ദേശ്യവും കാര്യക്ഷമതയും ഉറപ്പാക്കി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്നറിയുന്നതിനുള്ള മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്നതിന് വ്യക്തതയില്ല. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു. മോണിറ്ററിംഗ് സമിതി റിപ്പോർട്ടും, കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള മറ്റ് ഗ്രാമപഞ്ചായത്തുകളിലെ തൊഴിൽ ഗ്രൂപ്പുകൾ പച്ചക്കറിതൈകൾ കൈപ്പറ്റിയതിന്റെ രേഖകളും, ഓഡിറ്റിനായി ലഭ്യമാക്കുന്നതുവരെ ₹125000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-14 ജില്ല ക്യാൻസർ നിയന്ത്രണ പരിപാടി-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. മൂത്തകുന്നം |
| പദ്ധതിയുടെ നമ്പർ, പേര് | S069/23 -ജില്ല ക്യാൻസർ നിയന്ത്രണ പരിപാടി |
| അടങ്കൽ തുക | 50000/- (വികസന ഫണ്ട് പൊതുവിഭാഗം) |
| ആകെ ചെലവ് തുക | ₹50000/- |

| | |
|---|---|
| ബിൽ നമ്പർ/ തീയതി, തുക, സ്ഥാപനം | ഇൻവോയ്സ് നം സി61814/22-3/24.3.23 തുക ₹50000/-(വ്യടെക്ക് സൈൻ മീഡിയ, മന്നം) ബിൽ നം.425/22-23 തീയതി 28.03.23 |

ജില്ല ക്യാൻസർ നിയന്ത്രണ പരിപാടിയുടെ ഭാഗമായി ബ്ലോക്കിലെ ക്യാൻസർ ബോധവൽക്കരണ പരിപാടിയും ക്യാൻസർ നിർണ്ണയ ക്യാമ്പും സംഘടിപ്പിക്കുന്നതുൾപ്പെടുന്നതാണ് പദ്ധതി. മാർച്ച് 2023 നുള്ളിൽ പൂർത്തീകരിക്കേണ്ട പദ്ധതിക്ക് ഭരണാനുമതി 1(3)/23.2.23 നം തീരുമാനപ്രകാരവും ജില്ലാ മെഡിക്കൽ ഓഫീസറുടെ അംഗീകാരം 101/6.3.23 തീരുമാനപ്രകാരവും ആണ് ലഭിച്ചിട്ടുള്ളത്. 07.03.23 ലെ ക്വട്ടേഷൻ നോട്ടീസിൽ ഐ.ഇ.സി (IEC-Information Education Communication)ബോർഡ് 5 എണ്ണം സബ് സെന്ററുകളിൽ സ്ഥാപിക്കുന്നതിനായി സൈസും കനവും നിബന്ധനയിൽ ഉൾപ്പെടുത്താതെ ജി ഐ ഷീറ്റ്ബോർഡ് +യു വി ഫോം ബോർഡ് പ്രിന്റ് & പേസ്റ്റിംഗ് എന്നു മാത്രമാണ് പ്രവൃത്തിയെ വ്യക്തമാക്കിയിരുന്നത്. 19.03.23 ന് ലഭ്യമാക്കിയ രണ്ട് ക്വട്ടേഷനുകളിൽ നിന്ന് 5'X3' സൈസിൽ 5 ജിഐ ഷീറ്റുകളിലായി (ആകെ 75sqft) യുവിഫോം ബോർഡ് പ്രിന്റ് & പേസ്റ്റിംഗ്(30 Sqft) ചെയ്യുന്നതിനായി കുറവ് തുകക്ക് ക്വാട്ട് ചെയ്ത വ്യടെക്ക് സൈൻ മീഡിയ, മന്നം എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ സ്വീകരിക്കുകയും ടി സ്ഥാപനത്തിന് മേൽ സൂചിപ്പിച്ച ഇൻവോയ്സ് പ്രകാരം തുക കൈമാറുകയും ചെയ്തിട്ടുണ്ട്. ബോർഡുകൾ സ്ഥാപിച്ചതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല. ക്യാൻസർ നിർണ്ണയ ക്യാമ്പ് നടത്താതെ തന്നെ തുക പൂർണ്ണമായും ചെലവഴിച്ചു. പദ്ധതി മുഴുവനാക്കാതെ അടങ്കൽ തുക ബോർഡുകൾക്ക് മാത്രമായി മുഴുവനും ചെലവഴിച്ചതിൽ കാരണം വ്യക്തമല്ല. വിശദീകരണം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. പദ്ധതി അംഗീകാരം നൽകുന്നതിന് മുമ്പ് നടത്തിയ (09.02.23) ക്യാമ്പ് വിവരമാണ് കാണിച്ചിട്ടുള്ളത്. ബോർഡുകളുടെ വിവരമില്ല. (അന്വേഷണം നം 1/26.6.23)പദ്ധതി പൂർത്തീകരിക്കാത്തതിനാലും ബോർഡുകൾ സംബന്ധിച്ച് മുഴുവൻ രേഖകളും ലഭ്യമാക്കാത്തതിനാലും ₹50000/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

.

## <u>1-15 ജീവൻരക്ഷാമരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല</u>

മൂത്തകുന്നം സി.എച്ച്.സി. മെഡിക്കൽ ഓഫീസർ 2022-23 സാമ്പത്തിക വർഷത്തിൽ 22/23പദ്ധതി പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL) നിന്ന് സാമൂഹ്യ

ആരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങുന്നതിനായി അഡ്വാൻസ് തുക കൈമാറിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S22/23 സി എച്ച് സി-യിലേക്ക് ജീവൻ രക്ഷ മരുന്നുവാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, മൂത്തകുന്നം |
| അടങ്കൽ തുക | ₹400000/-(മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ആകെ ചെലവ് തുക | ₹400000/- |
| ബിൽ നമ്പർ/ തീയതി, തുക | പ്രൊഫോർമ ഇൻവോയ്സ് നം പിആർഎഫ് 1960/3.11.22, ₹300000/-(KMSCL) |

എന്നാൽ മരുന്ന പർച്ചേസ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 20.5.2023 തീയതി വരെയായി ഇതുവരെ ₹195940/-യുടെ മരുന്നുകൾ മാത്രമെ ലഭ്യമാക്കിയിട്ടുള്ളത്. ടി സ്ഥാപനത്തിൽ നിന്നും മരുന്ന ലഭ്യമല്ല എന്ന നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിരുന്നെങ്കിൽ മറ്റ് അംഗീകൃത മരുന്ന വിതരണക്കാരിൽ നിന്നും കാലതാമസം കൂടാതെ മരുന്ന വാങ്ങാമായിരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു ( 1/26.6.23)നു ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കാമെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ₹104060/- യുടെ ജീവൻ രക്ഷാമരുന്നുകൾ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്ന ലഭ്യമാക്കുന്നതുവരെ ₹104060/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം. | 67/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ പേര് | മൂത്തകുന്നം സി.എച്ച്.സി.-ൽ സോളാർ പവർപ്ലാന്റ് |

| | |
|---|---|
| അടങ്കൽ തുക | ₹ 1000000/-(പ്ലാൻ ഫണ്ട് )<br>₹ 50000/-(തനത് ഫണ്ട് )<br>ആകെ- ₹1050000/- |
| ചെലവ് | ₹1000000/-(പ്ലാൻ ഫണ്ട് ) |
| ബിൽ നം./തീയതി | 308/22-23, തീ.25.02.23 |

മുത്തകുന്നം സി.എച്ച്.സി.യിൽ സോളാർ പവർപ്ലാന്റ് സ്ഥാപിക്കുന്നതിനായി ₹10,00,000/- ചെലവഴിച്ചിട്ടുണ്ട്. ടി പ്രോജക്ടിന്റെ നിലവിലെ അവസ്ഥ, വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ഇതിനോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.6/27.06.2023) മറുപടിയായി സോളാർ പവർപ്ലാന്റ് സ്ഥാപിക്കുന്നതിന്റെ തുടർ പ്രവർത്തനങ്ങൾ ANERT സ്വീകരിച്ചു വരുന്നുവെന്നും ആയതു പൂർത്തീകരിച്ചു പ്ലാന്റ് പ്രവർത്തനക്ഷമമാകുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-17 ഒപ്പം പദ്ധതി-കാട്രേഷൻ നടപടി സ്വീകരിച്ചില്ല

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S27/23(ഒപ്പം പദ്ധതി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഴിക്കര സി.എച്ച്.സി. |
| അടങ്കൽ തുക | ₹100000/-[വികസന ഫണ്ട്(പൊതു വിഭാഗം)]<br>₹800000/-(മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ആകെ ചെലവ് തുക | ₹900000/- |
| ട്രഷറി ബിൽ റഫറൻസ് നമ്പർ/തീയതി, തുക | 22110300000006969/22-23/19.8.22 |

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2010ലെ പ്രൊക്യൂർമെന്റ് മാർഗരേഖ (ജി.ഒ.(പി) 254/2010 തീയതി 08.11.10) ഖണ്ഡിക 3 പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളിലെ ₹5000/- യുടെ മുകളിലുള്ള വാങ്ങലുകൾ ക്വട്ടേഷൻ മുഖേന മാത്രമാണ് നടത്തേണ്ടത്. മെഡിക്കൽ ഓഫീസർ ഏഴിക്കര സാമൂഹ്യാരോഗ്യകേന്ദ്രം 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ഒപ്പം പദ്ധതി പ്രകാരം 1000 മൾട്ടി കളർ മരുന്നു വിതരണ കാർഡ് പ്രിന്റ് ചെയ്യുന്നതിലേക്കായി കാർഡ് ഒന്നിനു 6.8 രൂപ വെച്ച് ₹6800/- മേൽപ്പട്ടിക ബിൽ പ്രകാരം ചെലവാക്കിയിട്ടുണ്ട്. ആയത് സംബന്ധിച്ച് ക്വട്ടേഷൻ നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഉണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു(അന്വേഷണ നം 3/26.623) ഹാജരാക്കുമെന്ന് മെഡിക്കൽ ഓഫീസർ (ഇൻചാർജ്ജ്) മറുപടി നൽകി. ആയതു ലഭ്യമാക്കേണ്ടതാണ്.

## <u>1-18 ജീവൻരക്ഷാമരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല</u>

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S18/23 സി.എച്ച്.സി-യിലേക്ക് ജീവൻ രക്ഷ മരുന്നുവാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഏഴിക്കര സി.എച്ച്.സി. |
| അടങ്കൽ തുക | 400000/-(മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ആകെ ചെലവ് തുക | 400000/- |
| ട്രഷറി ബിൽ നമ്പർ/ തീയതി, തുക | 1) 19/22-23/28.9.22തുക 371000/-(KMSCL) |

ഏഴിക്കര സി.എച്ച്.സി.മെഡിക്കൽ ഓഫീസർ 2022-23 സാമ്പത്തിക വർഷത്തിൽ മേൽ പട്ടിക പ്രകാരം നടപ്പിലാക്കിയ പദ്ധതിയിൽ ജീവൻരക്ഷാമരുന്നുകൾ വാങ്ങുന്നതിനായി കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്- ലേക്ക് ₹371000/- (പ്രൊഫോർമ ഇൻവോയ്സ് നം പിആർഎഫ്459/24.6.2022) അഡ്വാൻസ് തുകയായി കൈമാറിയിട്ടുണ്ട്. ₹371000/- യിൽ ₹189008/- ക്കുള്ള മരുന്നുകൾ മാത്രമാണ് 20.6.2023 വരെയായി ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി ₹181992/- ക്കുള്ള മരുന്ന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണം നം 3/26.623) കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്-ന് റിമൈൻഡർ കത്തു നൽകിയിട്ടുണ്ടെന്ന്

മെഡിക്കൽ ഓഫീസർ (ഇൻചാർജ്ജ്) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്നതുവരെ ₹181992/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-19 പാലിയേറ്റീവ് കെയർ - പഞ്ചായത്തിനുള്ള വിഹിതം - പ്രൊജക്ടിനു വിരുദ്ധമായി തുക ചെലവഴിച്ചു**

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S46/23<br>സാന്ത്വന പരിചരണം (പ്രൈമറി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഏഴിക്കര സി.എച്ച്.സി. |
| അടങ്കൽ തുക | ₹500000/- വികസന ഫണ്ട് - സാധാരണ വിഹിതം |
| ആകെ ചെലവ് തുക | ₹497270/- |
| ട്രഷറി ബിൽ നം/ തീയതി തുക | 8/6.9.22, 37500/- രൂപ<br>9/17.10.22, തുക 37290/- രൂപ |

മേൽ സൂചിപ്പിച്ച മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പ്രൈമറി-പഞ്ചായത്തിനുള്ള വിഹിതം നൽകൽ പദ്ധതിയിൽ 497270/- രൂപ വിവിധ പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. വിശദമായി താഴെ ചേർക്കുന്നു

| ക്രമ. നം | ഗ്രാമപഞ്ചായത്ത് | വിഹിതം (₹) |
|---|---|---|
| 1 | കോട്ടുവള്ളി | 97273 |
| 2 | ഏഴിക്കര | 99997 |
| 3 | ചേന്ദമംഗലം | 100000 |
| 4 | വടക്കേക്കര | 100000 |
| 5 | ചിറ്റാട്ടുകര | 100000 |

| | | |
|---|---|---|
| | | 497270 |

പദ്ധതി പ്രകാരം മരുന്നും മറ്റ ഉപകരണങ്ങളും വാങ്ങുന്നതിനാണ് ബ്ലോക്ക് വിഹിതം. മേൽ പഞ്ചായത്തുകളിൽ ഏഴിക്കര സി.എച്ച്.സി.യുടെ ധനവിനിയോഗ വിവരം ലഭ്യമാക്കിയത് പരിശോധിച്ചതിൽ സപ്ലൈകോയിൽ നിന്ന് ₹25207/- രൂപയുടെ മരുന്നു വാങ്ങിയത് മാത്രമെ അംഗീകരിക്കാനാവൂ. വൗച്ചറുകൾ പരിശോധിച്ചതിൽ ബാക്കി തുക ₹74790/- (37500+37290) 8/22, 9/22 മാസങ്ങളിലെ ഏഴിക്കര സി.എച്ച്.സി പാലിയേറ്റിവ് പ്രൈമറി ഡ്രൈവർ, നഴ്സ് എന്നിവരുടെ വേതനം, റിഫ്രഷ്മെന്റ് ചാർജ്ജ് എന്നിവയ്ക്കായാണ് ചെലവാക്കിയിട്ടുള്ളത്. ടി ചെലവ് അംഗീകരിക്കാൻ സാധിക്കില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 3/26.6.23 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ ചെലവിനുള്ള തുക പഞ്ചായത്ത് ഫണ്ടിൽ ആ സമയത്ത് ലഭ്യമല്ലാത്തതിനാൽ ബ്ലോക്ക് ഷെയറിൽ നിന്നും തുക മാറാൻ ഏഴിക്കര ഗ്രാമപഞ്ചായത്തിൽ നിന്നും അറിയിച്ചതിനെ തുടർന്നാണ് ബ്ലോക്ക് ഷെയറിൽ നിന്നും മാറിയത് എന്നാണ് മെഡിക്കൽ ഓഫീസർ (ഇൻ ചാർജ്ജ്) വ്യക്തമാക്കിയിട്ടുള്ളത്. ഇപ്രകാരം പദ്ധതിയിൽ മാറ്റം വരുത്തുന്നതിന് ഭരണാനുമതി ലഭ്യമാക്കേണ്ടതുണ്ട്. ആയതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹ 74790/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 ഫ്ലോട്ടിംഗ് ജെസിബി വാങ്ങൽ - അപാകത

| | |
|---|---|
| പ്രോജക്ട് നം. | 55/23 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ പേര് | ഫ്ലോട്ടിംഗ് ജെ.സി.ബി വാങ്ങൽ |
| അടങ്കൽ തുക | ₹730000/-(പ്ലാൻ ഫണ്ട് )<br>₹2100000/-(മറ്റ് ഗ്രാമപഞ്ചായത്ത് )<br>₹1000000/-(ജില്ലാ പഞ്ചായത്ത് )<br>ആകെ- ₹38,30,000/- |
| ചെലവ് | ₹7,30,000/-(പ്ലാൻ ഫണ്ട് )<br>ബിൽ നം.394/22.03.23(രൂ.462000/-)<br>ബിൽ നം.395/23.03.23(രൂ.268000/-) |

| | |
|---|---|
| | ₹9,23,000/-(മറ്റ് ഗ്രാമപഞ്ചായത്ത്)<br>ബിൽ നം.413/27.03.23<br>ബിൽ നം.427/28.03.23<br>ബിൽ നം.460/31.03.23<br>ബിൽ നം.458/31.03.23<br>ബിൽ നം.459/31.03.23<br>₹10,00,000/-(ജില്ലാ പഞ്ചായത്ത്)<br>വൗച്ചർ നം.XVFC/2022-23/P/45<br>തീയതി 29.03.2023<br>ആകെ- ₹26,53,000/- |

വിവിധ ഗ്രാമപ്രദേശങ്ങളിൽ മണ്ണിടിഞ്ഞ് മൂടപ്പെട്ടുപോയിട്ടുള്ളതായ തോടുകൾ, ജലാശയങ്ങൾ എന്നിവ വിദഗ്ധപരിശീലനം ലഭിച്ച ബ്ലോക്ക് പഞ്ചായത്തിന്റെ അഗ്രോ സർവ്വീസ് സെന്ററിലെ ജീവനക്കാരെ ഉപയോഗിച്ച് പുനർജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയെന്ന ലക്ഷ്യത്തോടെയുള്ള "ഫ്ലോട്ടിംഗ് ജെസിബി വാങ്ങൽ" എന്ന പ്രോജക്ട് മുഖേന ₹26,53,000/- ചെലവഴിച്ച് വാങ്ങിയ Tata Hitachi TMX20 Neo Mini Hydraulic Excavator(ഫ്ലോട്ടിംഗ് ജെസിബി) ഉപയോഗത്തിനായി കൈമാറാതെ ബ്ലോക്ക് പഞ്ചായത്തിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു. ആയതിന്റെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (നം. 5 തീയതി 27.06.2023) മറുപടിയായി ജില്ലാതല പ്രൊജക്റ്റ് വെറ്റിങ്ങിൽ കാലതാമസം നേരിട്ടതിനാൽ, 22.03.2023 ന് മാത്രമാണ് ഫ്ലോട്ടിംഗ് ജെസിബി വാങ്ങുവാൻ സാധിച്ചതെന്നും, ഇതിനോടനുബന്ധിച്ച് 29.03.2023 ൽ പുതിയതായി രജിസ്റ്റർ ചെയ്ത നോർത്ത് പറവൂർ ബ്ലോക്ക് കൃഷിശ്രീ സെന്ററുമായി 27.04.2023 ന് ചേർന്ന യോഗത്തിൽ, വിവിധ ഗ്രാമ പഞ്ചായത്തുകളിലെ തോടുകൾ ആഴം വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ടി കൃഷിശ്രീ സെന്റർ മുഖേന നിർവ്വഹിക്കുന്നതിനായി ടി യന്ത്രം കരാർ ചമച്ച് അവർക്ക് കൈമാറുന്നതിനു തീരുമാനിച്ചുവെന്നും ഇതിനായി നവീകരിക്കേണ്ട തോടുകളുടെ ലിസ്റ്റ് ആവശ്യപ്പെട്ടുകൊണ്ട് വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് കത്ത് നൽകുകയും, ആയതു ലഭ്യമാക്കി കൊണ്ടിരിക്കുകയാണെന്നും അറിയിച്ചു.

നോർത്ത് പറവൂർ ബ്ലോക്ക് കൃഷിശ്രീ സെന്ററുമായി(ക്രമ നം.EKM/TC/210/2023) കരാർ ചമച്ച്, ഫ്ലോട്ടിങ്

ജെ.സി.ബി (Mini Crawler Hydraulic Excavator) പ്രവർത്തനക്ഷമമാക്കി, സംരക്ഷണ ചുമതലയുൾപ്പെടെയുള്ള തുടർവിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പദ്ധതി നം. | 60/2023 |
| അടങ്കൽ | ₹4400000/-(എസ്.സി.പി) |
| ചെലവ് | ₹3725000/- |
| ബിൽ നം. തിയ്യതി | 102/21.10.22-444/29.3.23 |

1) പഠനമുറി പൂർത്തിയാക്കുന്ന മുറക്ക് വാല്വേഷന്റെ അടിസ്ഥാനത്തിൽ പരമാവധി രണ്ട് ലക്ഷം രൂപ വരെയാണ് അനുവദനീയമായത്. എന്നാൽ അപേക്ഷകളോടൊപ്പം ഉള്ള രേഖകളിൽ നിരവധി എണ്ണത്തിന് വാല്വേഷൻ മൊത്തം തുക രേഖപ്പെടുത്തി ആയത് ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയതായുമാണ് കാണുന്നത്. എന്നാൽ ഇനം തിരിച്ച് വാല്വേഷൻ നടത്താതെ എപ്രകാരമാണ് വാല്യവേഷൻ മൊത്തം തുക ലഭിച്ചതെന്ന് ഫയൽ കൊണ്ട് വ്യക്തമല്ല. മാത്രമല്ല പ്രസ്തുത പ്രവർത്തി നടത്തിയത് വീടിനോട് ചേർന്ന് ആണോ വീടിന്റെ മുകളിലാണോ, വിസ്തീർണ്ണം എത്രയാണെന്നോ നടത്തിയ പ്രവർത്തിയോ എപ്രകാരമാണെന്ന് വ്യക്തമല്ല. പ്രവർത്തിയുടെ വാല്വേഷൻ മുഴുവൻ നടത്തിയതിന്റെ വിശദാംശങ്ങൾ ഉൾപ്പെടുന്ന വാല്യവേഷൻ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

2)ശ്രീ ജോഷി എം.പി. മാങ്കുഴി പറമ്പിൽ, മാനം, ചിറ്റാറ്റുകര എന്നവർക്ക് ആദ്യ രണ്ട് ഗഡുക്കളായി ₹125000/-(50000+75000) നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഗുണഭോക്താവ് കരാറിൽ ഒപ്പുവെച്ചതായോ രണ്ടാം ഗഡു പൂർത്തിയാക്കിയതിന്റെ വിവരങ്ങളോ അവസാനഗഡു കൈപ്പറ്റാത്തതിന്റെ കാരണമോ വ്യക്തമല്ല.

3) നിരവധി അപേക്ഷകളിൽ വാല്വേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് മുമ്പ് അവസാനഗഡു അനുവദിച്ചിട്ടുണ്ട്. (2023മെയ് മാസത്തിലാണ് വാല്വേഷൻ ലഭിക്കുന്നത്, മാർച്ച് മാസത്തിൽ തന്നെ അവസാന ഗഡു അനുവദിച്ചു)

മേൽ പറഞ്ഞ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/01.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ന്യൂനതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

## 1-22 വനിതാ ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭം ആരംഭിക്കാൻ ധനസഹായം- പദ്ധതി നിർവ്വഹണത്തിൽ ന്യൂനതകൾ.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ |
| പദ്ധതി നം. | 92/2023 |
| അടങ്കൽ | 337500/-(എസ്.സി.പി) |
| ചെലവ് | ₹115825/- |
| ബിൽ നം, തിയ്യതി | 22110363017601506584/27/03/2023 |

പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്തിട്ടുള്ള തൊഴിൽ സംരംഭത്തിന് ധനസഹായം നൽകുന്നതിന് പട്ടിക വിഭാഗത്തിലുള്ള വനിതകളുടെ ഗ്രൂപ്പ് സംരംഭ പദ്ധതിയിലേക്ക് ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ നിന്നും വാർഡ് അഞ്ചിലെ നന്മ ഗ്രൂപ്പ് അംഗങ്ങളായ ശ്രീമതി രേഖ തുടങ്ങിയവരെ തിരഞ്ഞെടുത്തിട്ടുണ്ട്. റെഡിമെയ്ഡ് ഗാർമെന്റ് സ്ഥാപനം ആരംഭിക്കുന്നതിനാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്.

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1) 2022-23 -ലെ വാർഷിക പദ്ധതി പ്രസ്തുത വർഷം ആരംഭിച്ചിട്ടില്ല. 2023മാർച്ച് മാസത്തിലാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. എന്നാൽ പദ്ധതി തൻവർഷം ആരംഭിച്ചിട്ടില്ല. 2023-24 ജൂൺ മാസത്തിലാണ് സംരംഭം ആരംഭിച്ചിട്ടുള്ളത്.
2) വായ്പാബന്ധിത പദ്ധതി ആണെങ്കിലും വായ്പ, തിരിച്ചടവ്, കാലാവധി, പലിശ നിരക്ക്, വായ്പ എടുത്തത് മുതലുള്ള തിരിച്ചടവ്, ലോൺഅക്കൗണ്ട് വിവരങ്ങൾ എന്നിവ ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയിട്ടില്ല. ഗുണഭോതക്താക്കളുമായുള്ള കരാർ ചമച്ചത് പ്രകാരം സംരംഭത്തിന്റെ വരവ് ചെലവ് കണക്കുകൾ ലഭ്യമാക്കേണ്ടതാണ്.

3) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ പ്രവർത്തനം എന്നിവ അറിയിക്കേണ്ടതുണ്ട്. മേൽ പറഞ്ഞ പരാമർശങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/1.7.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപറഞ്ഞ രേഖകൾ, പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ എന്നിവ അറിയിക്കേണ്ടതും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

## 1-23 ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ മുകളിൽ ഓഫീസ് സൗകര്യം ഏർപ്പെടുത്തൽ - പദ്ധതി നിർവ്വഹണത്തിൽ ന്യൂനതകൾ.

| | |
|---|---|
| പദ്ധതി നം. | 112/2023 |
| അടങ്കൽ | 605313/-(എം.ജി-നോൺ റോഡ് ) |
| ചെലവ് | ₹605313/- |
| ബിൽ നം./തീയതി | 22110363017101239881/24.02.2023 |
| കോൺട്രാക്ടർ | ശ്രീ.ജീസ് സി.എസ്. |

ലീക്കേജ് ഉള്ള പഴയ ബ്ലോക്ക് ഓഫീസ് കെട്ടിടത്തിനു മുകളിൽ സ്റ്റീൽ സ്ട്രക്ച്ചറിൽ ജി.ഐ, .35 എം.എം. ട്രഫോർഡ്, ഷീറ്റ് ഇട്ട് കവർ ചെയ്യുകയും സ്റ്റീൽ സ്റ്റെയർ, പാരപ്പറ്റ് കെട്ടൽ പ്ലാസ്റ്ററിംഗ്, പെയിന്റിംഗ്, റൂഫ് പ്ലാസ്റ്ററിംഗ് എന്നിവയാണ് പ്രവൃത്തികൾ. മേൽ പ്രവൃത്തിയുടെ ടെൻഡർ 30.11.2022- ലെ കമ്മിറ്റിയിലെ3 (2) തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിരുന്നു. ടെൻഡർ റേറ്റിനെക്കാളും 15.65% കുറച്ചാണ് കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത്. ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം (ക്രമം നമ്പർ 1.002) 247.4651 സ്ക്വയർ മീറ്റർ റൂഫിങ് ഷീറ്റിന് @675.73 പ്രകാരം ₹167219.52യാണ്. (ക്രമ നമ്പർ 1.003) പ്രകാരം റൂഫ് Upvc പാത്തി 110mm Dia, 66.600 മീ. @526.86/മീ. നിരക്കിൽ ₹35088.88 യുമാണ്.

എന്നാൽ നേരിട്ടുള്ള പ്രാഥമിക പരിശോധനയുടെയും പ്രവർത്തി നടന്ന സ്ഥലത്തുനിന്നും ശേഖരിച്ച സാമ്പിളിന്റെയും അടിസ്ഥാനത്തിൽ ടി പ്രവൃത്തിയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ(നം.9/03.07.23) വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമനമ്പർ 1.002 പ്രകാരമുള്ള ഇനം ജി.ഐ. ട്രഫോർഡ് ഷീറ്റ് .35എം.എമ്മിനേക്കാൾ കുറവാണോയെന്ന് പരിശോധിക്കുന്നതിനും, GI Sheet തിക്ക്നസ് മെഷർമെന്റ് സ്കേയിൽ, ഫീലർ ഗേജ്, തുടങ്ങിയ മാർഗ്ഗത്തിലൂടെ കൃത്യത ഉറപ്പ് വരുത്തി അറിയിക്കണമെന്നും, ക്രമനമ്പർ 1.003 യുപിവിസി ഗട്ടർ പാത്തികൾക്ക് പകരം ഫ്ലക്സിബിളായ സാധാരണ പിവിസി 2.5 Kg ഹാഫ് റൗണ്ട് പൈപ്പുകൾ ആണ് റിജിഡായ യുപിവിസിക്ക് പകരം ഉപയോഗിച്ചതെന്ന് കാണുന്നതായും ഇക്കാര്യം സംബന്ധിച്ച് വിശദമായ പരിശോധന നടത്തി വിശദാംശം അറിയിക്കണമെന്നും അതിൻപ്രകാരം മേൽപ്പറഞ്ഞ പ്രവർത്തികളിൽ ക്രമനം 1.002 ഇനത്തിന് യഥാർത്ഥ ഷെഡ്യൂൾഡ് വിലയാണ് കണക്കാക്കേണ്ടതെന്നും ക്രമം നമ്പർ 1.003 -

ന് 'പിവിസി' ഹാഫ് കട്ട് പാത്തിയുടെ യഥാർത്ഥ ഷെഡ്യൂൾഡ് റേറ്റിന്റെ(150mmdia@379/-) 15.65% കുറച്ചുള്ള റേറ്റിന് മാത്രമേ കരാറുകാരന് അർഹത ഉണ്ടാവുകയുള്ളൂവെന്നും ആയത് പരിശോധിച്ച് വിശദാംശം അറിയിക്കണമെന്നും, അതിൻപ്രകാരം എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായി നടത്തിയ ഇനങ്ങൾക്ക് നൽകിയ തുക പുനപരിശോധിച്ച് അറിയിക്കണമെന്നും, റൂഫ് പ്ലാസ്റ്ററിങ്ങ് അൺഎക്സ്പോസ്ഡ്, (കവേർഡ് ഏരിയക്ക്) 1:4 പ്ലാസ്റ്ററിങ്ങ് പര്യാപ്തമാണെന്നിരിക്കെ 1:3 (എക്സ്പോസ്ഡ് റൂഫ്) നിരക്കിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ വിശദാംശം അറിയിക്കണമെന്നും ഉള്ള ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ (നം.എച്ച്.സി.1020/2023, തീയതി.6.7.2023) മറുപടിയിൽ, ഷീറ്റിന്റെ കനം .35mm ആണെന്ന് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ടതെന്നും, 'Aizar' 110mm Dia Upvc ഹാഫ് റൗണ്ട് പൈപ്പുകളാണ് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ ആയതിന്റെ ബില്ലും ഫോട്ടോയും ലഭ്യമാക്കിയിട്ടുള്ളതിൽ 160mm 2.5kg/Classy പാത്തിയുടെ ബില്ലാണ് ലഭ്യമാക്കിയിട്ടുള്ളത് (InvcNo.GM0388321). പ്രസ്തുത ബില്ലും പ്രവൃത്തിയുടെ ഇനവുമായി പൊരുത്തപ്പെടുന്നില്ല. ഇതിൽ നിന്നും സാധനങ്ങളുടെ ബില്ലിന്റെ അടിസ്ഥാനത്തിൽ ഗുണനിലവാരവും ഉപയോഗിച്ച സാധനവും ഒന്നാണെന്ന് ഉറപ്പവരുത്താനാകില്ലെന്ന് ബോധ്യപ്പെട്ടു.

കാലപ്പഴക്കം മൂലം ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ ലീക്കേജ് മാറ്റുന്നതിനും ചാറ്റൽ മഴമൂലമുണ്ടാകാനിടയുള്ള ലീക്കേജ് ഒഴിവാക്കുന്നതിനുമാണ് 1:3 പ്ലാസ്റ്ററിങ്ങ് ഉപയോഗിച്ചിട്ടുള്ളത് എന്നാണ് എൻക്വയറിക്കുള്ള മറുപടിയിൽ പറയുന്നത്. എന്നാൽ കാലപ്പഴക്കവും ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുന്ന കെട്ടിടവുമാണെന്ന് വ്യക്തമാക്കിയ സ്ഥിതിക്ക് പഴക്കംചെന്ന കെട്ടിടം ബലപ്പെടുത്തുന്നതിന് മുമ്പ് 6 ലക്ഷത്തോളം രൂപയുടെ ട്രസ് വർക്ക് ടി കെട്ടിടത്തിന് മുകളിൽ നടത്തിയത് സുരക്ഷിതമാണോയെന്ന് പുനഃപരിശോധിക്കേണ്ടതാണ്. കൂടാതെ 'ബ്ലോക്ക് ഓഫീസ് കെട്ടിടത്തിന് മുകളിൽ ഓഫീസ് സൗകര്യം ഏർപ്പെടുത്തൽ' എന്നതാണ് പദ്ധതി എന്നിരിക്കെ പ്രവൃത്തി കഴിഞ്ഞിട്ടും പ്രവൃത്തി നടത്തിയ ഫ്ലോറിൽ ചാറ്റൽ മഴ മൂലം ലീക്കേജ് ഉണ്ടാകാനിടയുണ്ടെന്ന മറുപടി തൃപ്തികരമല്ല. പ്രവൃത്തി നടത്തിയിട്ടും ലീക്കേജുണ്ടാകാനിടയുണ്ടെന്ന മറുപടിയിൽ നിന്ന് പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും വീഴ്ച വന്നിട്ടുള്ളതായി കാണുന്നു. അപാകതകൾ പരിഹരിച്ച് മേൽപ്പറഞ്ഞ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

.

# ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം/ തീയതി |
|---|---|---|
| 2022-23 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | 2022-23 ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2022-23 | 10,00,000 | ഫ്ളോട്ടിംഗ് ജെ.സി.ബി | 10,00,000 | **0** |

| | | | | | |
|---|---|---|---|---|---|
| | | | വാങ്ങൽ | | |
| ജില്ലാപഞ്ചായത്ത് | 2022-23 | 49,59,000 | പി.എം.എ.<br>വൈ ഷെയർ | 49,59,000 | 0 |
| ഗ്രാമപഞ്ചായത്ത് | 2022-23 | 40,53,000 | പി.എം.എ.<br>വൈ ഷെയർ | 40,53,000 | 0 |

**4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ**

ഇല്ല

**4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്**

ഇല്ല

**4-5 വായ്പ/ വായ്പ തിരിച്ചടവ്**

ഇല്ല

**4-6 സ്ഥിരനിക്ഷേപങ്ങൾ**

ഇല്ല

**4-7 ഓഡിറ്റ് റിക്കവറി**

ഇല്ല

**4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം**

ഇല്ല

**4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം**

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 65178201 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 60148187 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 535842 |

**(ബി). <u>ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 1,25,000 | ശ്രീ.ശശി മേനോൻ,<br>കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 1-14 | 50,000 | ഡോ. സീന<br>മെഡിക്കൽ ഓഫീസർ, സി എച്ച് സി മൂത്തകുന്നം |
| 1-15 | 1,04,060 | ഡോ. സീന<br>മെഡിക്കൽ ഓഫീസർ, സി എച്ച് സി മൂത്തകുന്നം |
| 1-18 | 1,81,992 | ഡോ പ്രീതി ബി<br>മെഡിക്കൽ ഓഫീസർ, സി എച്ച് സി ഏഴിക്കര |
| 1-19 | 74,790 | ഡോ പ്രീതി ബി<br>മെഡിക്കൽ ഓഫീസർ, സി എച്ച് സി ഏഴിക്കര |
| **ആകെ** | 5,35,842 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ശശി മേനോൻ,<br>കൃഷി അസിസ്റ്റന്റ്<br>ഡയറക്ടർ | പറവൂർ ബ്ലോക്ക് പഞ്ചായത്ത് | ഉണ്ണിപ്പറമ്പത്ത് തറയിൽ,<br>ഇടവിലങ്ങ്,<br>കൊടുങ്ങല്ലൂർ. |
| ഡോ. സീന,<br>മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി.മൂത്തകുന്നം | മെഡിക്കൽ ഓഫീസർ<br>സി എച്ച് സി<br>മൂത്തകുന്നം | പ്രണവം, ജനത റോഡ്,<br>കച്ചേരിപ്പടി നോർത്ത്,<br>നോർത്ത് പറവൂർ |
| ഡോ പ്രീതി ബി,<br>മെഡിക്കൽ ഓഫീസർ<br>സി എച്ച് സി ഏഴിക്കര | മെഡിക്കൽ ഓഫീസർ<br>(ഇൻ ചാർജ് )<br>സി എച്ച് സി.ഏഴിക്കര | ശ്രീപാദം വീട് നം. 32,<br>ഗ്രീൻലാന്റ് ഹിൽ ടോപ്പ് വില്ലാസ്,<br>ഓണംകുളം, വെങ്ങോല |

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2002-03 | കെ.എസ്.എ.-ഇ.കെ.എം (ബി.പി)1310/2019 തീ.03.10.2019 |

| | |
|---|---|
| 2014–15 & 2015–16 | കെ.എസ്.എ.–ഇ.കെ.എം (ബി.പി)1310/2019 തീ.03.10.2019 |
| 2017–18 | കെ.എസ്.എ.–ഇകെഎം (ബി.പി)256/2019 തീ.11.07.2019 |
| 2018–19 | കെ.എസ്.എ.–ഇകെഎം (ബി.പി)1688/2019 തീ.16.11.2019 |
| 2019–20 | കെ.എസ്.എ.–ഇകെഎം (ബി.പി)957/2020 തീ.10.08.2021 |
| 2020–21 | കെ.എസ്.എ.–ഇകെഎം (ബി.പി)551/2022 തീ.03.07.2022 |
| 2021–22 | കെ.എസ്.എ.–ഇകെഎം(ബി.പി)1931/22 തീ.31.12.2022 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## Annexure-1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(2) dated 1(2) dated 12-05-2023 and submitted on 25-05-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Paravur Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to

the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Paravur Block Panchayat for the year 2022-2023

**Date: 07/09/2023** **Joint Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Paravur Block Panchayat for the Year 2022-2023.

### 1.Major Observations

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2. Lack of Panchayath Raj Budget rules adversely affecting budgetary control system.

3. The asset value shown in Balance Sheet is not traceable to Asset Register due to unsupported design of existing asset register.

4. Non inclusion of *Notes on Accounts* in Financial statements and non disclosure of material facts.

**2.Other Observations**

1. Ratios and Notes on Accounts, Mandatory financial statements prescribed in Accounting Rules are not submitted for audit.

2. Non inclusion of *Notes on Accounts* in Financial statements and non disclosure of material facts.
3. Value of assets are accounted in the Asset register is not proper and does not match with the figures shown in the Annual Accounts.

.

Joint Director
District Office Ernakulam
Kerala State Audit Department

# അനുബന്ധം–2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022–2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021–ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം–1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്